# സ്വാതന്ത്ര്യം

• രാധാകൃഷ്ണൻ പേരാമ്പ്ര

ഒന്നാം ക്ലാസിൽ പഠിക്കുന്ന വിച്ചി താമസിക്കുന്നത് അവളുടെ അമ്മൂമ്മയോടൊപ്പം ഗ്രാമത്തിലാണ്. കാരണം അവളുടെ അച്ഛനും അമ്മയും ദൂരെ നഗരത്തിലാണ് ജോലി ചെയ്യുന്നത്. അവധി ദിവസങ്ങളിൽ മാത്രമേ അവർ വീട്ടിൽ എത്താറുള്ളൂ.

വിച്ചിയുടെ കുസൃതിയും നിഷ്കളങ്കതയുമെല്ലാം അമ്മൂമ്മക്ക് വലിയ ഇഷ്ടമാണ്. അമ്മൂമ്മയോട് അവൾ ഓരോ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കും. പലതിനും അമ്മൂമ്മക്ക് ഉത്തരമുണ്ടാകില്ല. ഉത്തരം മുട്ടിയാൽ അമ്മൂമ്മ അവളെ വാരിപ്പുണർന്ന് ഉമ്മ വെക്കും.

അവധി ദിവസങ്ങളിൽ കൂട്ടുകാരുമൊത്ത് പാടത്തും പറമ്പിലും ചുറ്റിയടിക്കലാണ് അവളുടെ പ്രധാന ഹോബി. ചില നേരങ്ങളിൽ അവൾ ഒറ്റക്ക് വീട്ടുമുറ്റത്തെ പുൽത്തകിടിയിൽ ആകാശം നോക്കി മലർന്നു കിടക്കും. വിശാലാകാശ നീലിമയിൽ പറന്നകലുന്ന പക്ഷിക്കൂട്ടങ്ങളെ കണ്ട് ആനന്ദം കൊള്ളും. വെള്ളിമേഘങ്ങൾ പൂച്ചക്കുട്ടികളും മുയൽകുഞ്ഞുങ്ങളുമൊക്കെയാകുന്നതു കണ്ട് അത്ഭുതപ്പെടും. സ്കൂൾ ബസിലാണ് അവൾ എന്നും സ്കൂളിൽ പോയിക്കൊണ്ടിരുന്നത്.

സ്കൂൾ ബസ്സിലെ ഡ്രൈവർമാമനെ അവൾക്ക് വലിയ ഇഷ്ടമാണ്. അയാൾക്ക് തിരിച്ചും. സ്കൂളിലേക്ക് പോകുന്ന വഴിയിൽ ഒരു ട്രാഫിക് സിഗ്നൽ ഉണ്ട്. പലപ്പോഴും ബസ് അവിടെ കുടുങ്ങാറുമുണ്ട്. ഒരു ദിവസം ട്രാഫിക്



▸▸ ഏറ്റവും കൂടുതൽ കാലം ലോക്സഭാ സ്പീക്കറായിരുന്നത് – ബൽറാം ജാക്കർ

## കാലം പോയ പോക്ക്!



അതി വേഗം പായുന്ന ടാൽ ഗോ തീവണ്ടി ഇന്ത്യയിൽ ഓടാൻ തുടങ്ങിയതായി വാർത്ത വായിച്ചിരിക്കുമല്ലോ, അല്ലേ? മണിക്കൂറിൽ 200 കിലോമീറ്ററിലേറെ വേഗത്തിൽ ഓടാൻ അതിനു കഴിവുണ്ട്. എന്നാൽ, ലോകത്തിലെ ആദ്യ തീവണ്ടിയുടെ സ്പീഡ് എത്രയായിരുന്നെന്നോ? ഇംഗ്ലീഷ് ശാസ്ത്രജ്ഞനായ റിച്ചാർഡ് ട്രെവിത്തിക് 1804-ൽ കണ്ടുപിടിച്ച, ആവി കൊണ്ട് ഓടുന്ന തീവണ്ടി യന്ത്രത്തിന്റെ സ്പീഡ് മണിക്കൂറിൽ എട്ടു കിലോമീറ്റർ!

സിഗ്നലിനടുത്ത് ബസ്സിൽ ഇരിക്കുമ്പോൾ ലവ് ബേർഡ്സിനെ വിൽക്കുന്ന ഒരു കട ശ്രദ്ധയിൽ പെട്ടു.

പല തരത്തിലുള്ള പക്ഷികൾ. അവയുടെ വർണ്ണത്തൂവലുകൾ, നിഷ്കളങ്കമായ കണ്ണുകൾ... ഹായ്...! അവൾക്ക് സന്തോഷമായി. മറ്റ് കുട്ടികൾ പല കളികളിലും വർത്തമാനങ്ങളിലും ഏർപ്പെടുമ്പോൾ അവൾ ജനലിലൂടെ കാഴ്ചകൾ ആസ്വദിക്കും.

അവൾ ഒരു കാര്യം മനസ്സിൽ ഉറപ്പിച്ചു. പക്ഷിക്കടയിൽനിന്ന് അവൾക്ക് ഏറെ ഇഷ്ടപ്പെട്ട ആ തത്തക്കുട്ടിയെ വാങ്ങുക തന്നെ! പക്ഷേ കാശിന് എന്ത് ചെയ്യും? കൈയിലുള്ളത് തികയില്ലല്ലോ! അച്ഛനോട് പറഞ്ഞാലോ? വേണ്ട! അച്ഛൻ ചിലപ്പോൾ സമ്മതിച്ചില്ലെങ്കിലോ? അവൾ ഓരോന്ന് ആലോചിച്ച് ഇരുന്നു. എന്നിട്ട് ഒരു കാര്യം ഉറപ്പിച്ചു: പണം സ്വരൂപിക്കുക തന്നെ.

വീട്ടിൽ വന്ന് അമ്മൂമ്മയോട് കാര്യം പറഞ്ഞപ്പോൾ അമ്മൂമ്മ അവൾക്കൊരു ചെറിയ കുടുക്ക വാങ്ങിക്കൊടുത്തു. എന്നിട്ട് അമ്മൂമ്മയുടെ വക കുറച്ച് ചില്ലറയും അതിൽ ഇട്ടു കൊടുത്തു. അവൾക്ക് വളരെ സന്തോഷമായി.

അവധി ദിവസത്തിൽ വീട്ടിൽ വരുന്ന അച്ഛനോടും അമ്മയോടും അവൾ ഒരു സമ്മാനവും വേണ്ട എന്ന് പറയാൻ തുടങ്ങി. അതിനു പകരം അവൾക്ക് പൈസ മതി. അവളുടെ സമ്പാദ്യശീലം കണ്ട് അച്ഛന് സന്തോഷമായി. ഇതറിഞ്ഞ മാമൻമാരും അവൾക്ക് ചില്ലറ കൊടുക്കാൻ തുടങ്ങി.

അങ്ങനെ കുറച്ചു ദിവസങ്ങൾകൊണ്ട് തന്നെ അവളുടെ കുടുക്ക നിറയാൻ തുടങ്ങി. ഒരു ദിവസം അവൾ സ്കൂളിലേക്ക് പോകുമ്പോൾ തന്റെ പണക്കുടുക്കയും കൂടെ എടുത്ത് ഡ്രൈവർ മാമനെ ഏൽപ്പിച്ചു. ഡ്രൈവർ മാമൻ അവൾക്ക് തത്തക്കുട്ടിയെ വാങ്ങിക്കൊടുക്കാമെന്ന് ഏറ്റു.

പിറ്റേന്ന് അവളുടെ ജന്മദിനമായിരുന്നു. അവൾ അവളുടെ എല്ലാ കൂട്ടുകാരെയും ജന്മദിനത്തിന് വീട്ടിലേക്ക് വിളിച്ചു. അച്ഛനും അമ്മയും മാമൻമാരും എല്ലാവരും വന്നിട്ടുണ്ട്. ഡ്രൈവർ വന്നത് ഒരു തത്തക്കൂടുമായാണ്. അതിൽ സുന്ദരിയായ ഒരു തത്തക്കുഞ്ഞും. എല്ലാവർക്കും സമ്മാനം ഇഷ്ടമായി.

കൂട്ടുകാർ കൈയടിച്ചു. കേക്ക് മുറിച്ച് എല്ലാവരും അവൾക്ക് ജന്മദിനാശംസകൾ നേർന്നു. അവൾ കേക്കിന്റെ ഒരു കഷ്ണം തത്തക്കുഞ്ഞിനും കൊടുക്കാൻ മറന്നില്ല. കേക്ക് തിന്ന് തത്തക്കുഞ്ഞ് സന്തോഷംകൊണ്ട് ഒന്ന് ചിലച്ചു.

കൂട്ടുകാർ പാട്ടു പാടാൻ തുടങ്ങി. ഇതിനിടയിൽ അവൾ തത്തക്കൂടെടുത്ത് മുറ്റത്തേക്ക് നടന്നു. അവൾ തത്തക്കൂട് തന്റെ തലയ്ക്കു മുകളിൽ ഉയർത്തിപ്പിടിച്ചു. ആകാശത്തേക്ക് നോക്കി. എല്ലാവരുടെ കണ്ണുകളിലും ആകാംക്ഷ! അവൾ തത്തക്കൂടിന്റെ ചെറിയ വാതിൽ പതുക്കെ തുറന്നു. എന്നിട്ട് തന്റെ കൈകൊണ്ട് കൂടിനൊന്ന് തട്ടി. അപ്പോൾ തത്തക്കുഞ്ഞ് സന്തോഷത്തോടെ വിച്ചിയെ ഒന്ന് നോക്കി. എന്നിട്ട് ചിറകടിച്ച് ആകാശത്തിലേക്ക് പറന്നു പോയി. തത്തക്കുഞ്ഞ് ദൂരെ മറയുന്നതു വരെ അവൾ അത് നോക്കിനിന്നു. വിച്ചിയുടെ മുഖം സന്തോഷംകൊണ്ട് തുടുത്തു. അവളുടെ അച്ഛനുമമ്മയും ഓടിവന്ന് അവളെ കെട്ടിപ്പിടിച്ച് ഉമ്മ വെച്ചു. ഇതു കണ്ട് മറ്റുള്ളവരുടെ കണ്ണുകൾ സന്തോഷം കൊണ്ട് ഈറനണിഞ്ഞു.

▸▸ ഗ്ലാസ് നിർമാണത്തിനുപയോഗിക്കുന്ന പദാർഥം– സിലിക്ക (മണൽ)